I/182084/2024

**ക്ഷീരവികസന വകുപ്പ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം**

**ഹാജർ : സുപിൻ വി. കെ.എ.എസ്.**

ക്ഷീരവികസന വകുപ്പ് - ഡയറക്ടറേറ്റ് - ജീവനക്കാര്യം - ഡ്രൈവർമാരുടെ തസ്തിക പുനർനാമകരണം ചെയ്തത് - ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ക്ഷീരവികസന വകുപ്പ്

നം.DDDKER/677/2024-E1 തിരുവനന്തപുരം,തീയതി: 19-06-2024

പരാമർശം:- 1. സ.ഉ. (എം.എസ്.) നം. 29/2015/ഉ.ഭ.പ.വ., തീയതി: 19.11.2015.

2.ഈ കാര്യാലയത്തിൽ നിന്നുള്ള 01.03.2024 ലെ മേൽനമ്പർ ഉത്തരവ്.

3.വിവിധ ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാരുടെ കത്തുകളും ഡ്രൈവർമാരുടെ അപേക്ഷകളും.

## ഉത്തരവ്

മേൽപരാമർശം (1) ലെ ഉത്തരവിന് വിധേയമായി വകുപ്പിലെ 9 ഡ്രൈവർമാരുടെ തസ്തിക `ഡ്രൈവർ-കം-ഓഫീസ് അറ്റൻഡന്റ്" എന്നാക്കി മേൽപരാമർശം (2) ലെ ഉത്തരവ് പ്രകാരം പുനർനാമകരണം ചെയ്തിരുന്നു. എന്നാൽ മേൽപരാമർശം (1) ലെ ഉത്തരവ് തീയതിയായ 19.11.2015-ന് മുമ്പുള്ള കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ നോട്ടിഫിക്കേഷൻ മുഖേന 19.11.2015-നുശേഷം ജോലിയിൽ പ്രവേശിച്ച വകുപ്പിലെ ഡ്രൈവർമാർ മേൽപരാമർശം (3) ലെ അപേക്ഷകൾ പ്രകാരം ടി ഡ്രൈവർ തസ്തിക പുനർനാമകരണം ചെയ്ത നടപടിയിൽ നിന്നും ഒഴിവാക്കണമെന്ന് അപേക്ഷിച്ചിരിക്കുന്നു.

മേൽപരാമർശം (1) ലെ സർക്കാർ ഉത്തരവിൽ പറയുന്ന വിവരങ്ങളും ടി ഡ്രൈവർമാരുടെ അപേക്ഷകളും പുനഃപരിശോധിച്ചതിൽ മേൽപരാമർശം 2 പ്രകാരമുള്ള ഉത്തരവിലെ ക്രമ നം. 1 മുതൽ ക്രമ നം. 7 വരെയുള്ള ടി 7 ഡ്രൈവർമാർ ജോലിയിൽ പ്രവേശിച്ചിട്ടുള്ളത് 19.11.2015-ന് ശേഷമാണെങ്കിലും 19.11.2015 തീയതിയ്ക്ക് മുമ്പുള്ള കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ നോട്ടിഫിക്കേഷനുകൾ മുഖേന സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരാണെന്ന് വ്യക്തമായിട്ടുണ്ട്. ടി 7 ഡ്രൈവർമാരുടെ പേരും കാര്യാലയങ്ങളും ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഡ്രൈവറുടെ പേര്, നിലവിലെ കാര്യാലം | നിലവിലെ തസ്തിക |
|---|---|---|
| 1 | ശ്രീ. നൗഷാദ് എസ്.,<br>സ്റ്റേറ്റ് ഫോഡർ ഫാം, വലിയതുറ, തിരുവനന്തപുരം. | Driver (Medium/Heavy Passenger goods vehicle) - Grade II |
| 2 | ശ്രീ. രാമകൃഷ്ണൻ റ്റി.,<br>ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലം, മലപ്പുറം. | Driver (Light Motor Vehicle) - Grade II |
| 3 | ശ്രീ. അരുൺ ആർ.,<br>ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം, കോഴിക്കോട്. | Driver (Light Motor Vehicle) - Grade II |

| | | |
|---|---|---|
| 4 | ശ്രീ. കുര്യൻ തോമസ്,<br>ഗുണനിയന്ത്രണ കാര്യാലയം,<br>കോട്ടയം. | Driver (Light Motor Vehicle) - Grade II |
| 5 | ശ്രീ. ജയൻ എ.,<br>ഗുണനിയന്ത്രണ കാര്യാലയം, പാലക്കാട്. | Driver (Light Motor Vehicle) - Grade II |
| 6 | ശ്രീ. ജസ്റ്റിൻ രാജ്,<br>ക്ഷീരപരിശീലന കേന്ദ്രം, ഓച്ചിറ | Driver (Light Motor Vehicle) - Grade II |
| 7 | ശ്രീ. അരുൺനാഥ് ഇ.വി.,<br>ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം, പാലക്കാട്. | Driver (Light Motor Vehicle) - Grade II |

വകുപ്പിലെ ടി 7 ഡ്രൈവർമാരുടെ തസ്തിക `ഡ്രൈവർ-കം-ഓഫീസ് അറ്റൻഡന്റ്' എന്നാക്കി പുനർനാമകരണം ചെയ്ത നടപടി റദ്ദുചെയ്ത് ഉത്തരവാകുന്നു. ടി ഭേദഗതിയോടെ മേൽപരാമർശം (2) ലെ ഉത്തരവ് നിലനിൽക്കുന്നതാണ്.

ബന്ധപ്പെട്ട ഡെപ്യൂട്ടി ഡയറക്ടർമാർ ടി ഉത്തരവ് കൈപ്പറ്റിയ വിവരം മടക്കത്തപാലിൽ 19.06.2024 വൈകുന്നേരം 5 പി.എം. ന് മുമ്പായി ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.

Signed by
SUPIN V K A S
Date: 19-06-2024 15:01:07

**അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ K.A.S.**

To:- ബന്ധപ്പെട്ട ഡ്രൈവർമാർക്ക് (ഓഫീസ് മേലധികാരി മുഖേന)

പകർപ്പ്:-

1) ബഹു. ഗവൺമെന്റ് സെക്രട്ടറി, കൃഷി (ക്ഷീരവികസന) വകുപ്പ് (ആമുഖ കത്ത് സഹിതം)
2) ഡെപ്യൂട്ടി ഡയറക്ടർമാർ (ജില്ലാ കാര്യാലയങ്ങൾ)
3) പ്രിൻസിപ്പാൾമാർ (ക്ഷീര പരിശീലന കേന്ദ്രങ്ങൾ)
4) ഫാം ഹെഡ്, സ്റ്റേറ്റ് ഫോഡർ ഫാം, വലിയതുറ, തിരുവനന്തപുരം.
5) ഡയറക്ടർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഫിനാൻസ് ഓഫീസർ എന്നിവരുടെ മേശപ്പുറത്ത്.
6) ഈ ഓഫീസിലെ എല്ലാ ഓഫീസർമാർക്കും.
7) അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്.
8) ഇ സെക്ഷൻ സീനിയർ സൂപ്രണ്ട്.
9) ക്ഷീരവികസന ഓഫീസർ (ഡി.റ്റി.സി. തിരുവനന്തപുരം) (ഉത്തരവ് വെബ്-സൈറ്റിൽ കൂട്ടിച്ചേർക്കുന്നതിന്)

10) നോട്ടീസ് ബോർഡ്.

11) സഞ്ചയം.

12) ശേഖരസഞ്ചയം.